# കേരള സർക്കാർ

## സംഗ്രഹം

**പബ്ലിക് സർവ്വീസസ്—സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലെയും വിവിധ നിയമനങ്ങൾ—പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**

**സ. ഉ. (അച്ചടി) നമ്പർ 17/2018/ഉ.ഭ.പ.വ.**

**തിരുവനന്തപുരം, 2018 ഡിസംബർ 27.**

---

പരാമർശം:—(1) 6-5-1966-ലെ സ. ഉ. (എം. എസ്.) നമ്പർ 188/1966/പി.ഡി.

(2) 22-2-2006-ലെ സ. ഉ. (പി) നമ്പർ 5/2006/ഉ.ഭ.പ.വ.

(3) 25-6-2007-ലെ സ. ഉ. (പി) നമ്പർ 3/2007/ഉ.ഭ.പ.വ.

(4) 22-12-2010-ലെ സ. ഉ. (പി) നമ്പർ 42/2010/ഉ.ഭ.പ.വ.

(5) 19-3-2013-ലെ സ. ഉ. (പി) നമ്പർ 7/2013/ഉ.ഭ.പ.വ.

## ഉത്തരവ്

നേരിട്ടുള്ള നിയമനത്തിനും, ബൈട്രാൻസ്ഫർ നിയമനത്തിനും പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷവും, പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിന് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷവുമായിരിക്കുമെന്ന് പരാമർശം (1) പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ, പ്രൊമോഷന്റെ കാര്യത്തിൽ നിലവിലുള്ള പ്രൊബേഷൻ വ്യവസ്ഥ പരാമർശം (2) പ്രകാരം നേരിട്ടുള്ള നിയമനം ഒരു

GCPT. 3/106/2019/S-26.

നിയമനരീതിയല്ലാത്ത തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനങ്ങൾക്കും കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവാകുകയും, തുടർന്ന് പരാമർശം (3) പ്രകാരം കെ. എസ്. ആന്റ് എസ്. എസ്. ആർ. ചട്ടം 28 (a)(iii) ആയി ഭേദഗതി വരുത്തുകയും ചെയ്തു.

2. 1-4-2010-നു ശേഷം സ്റ്റേറ്റ് സർവ്വീസിലെ സെലക്ഷൻ തസ്തികകളിലേക്ക് പ്രൊമോഷൻ മുഖേനയും, നേരിട്ടുള്ള നിയമനം ഒരു നിയമനരീതിയായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിൽ ബൈട്രാൻസ്ഫർ മുഖേനയും നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തിനുള്ളിലെ ആറ് മാസക്കാലയളവായിരിക്കുമെന്ന് പരാമർശം (4) പ്രകാരം നിർദ്ദേശിക്കുകയും തദനുസൃതമായി കെ. എസ്. ആന്റ് എസ്. എസ്. ആർ. ഭാഗം-2 ചട്ടം 28 (a)(iii)-ന് താഴെയുള്ള പ്രൊവിസോയായി റൂളിൽ ഭേദഗതി വരുത്തുകയും ചെയ്തു.

3. എന്നാൽ, മേൽ പരാമർശിച്ച ഉത്തരവുകൾ തെറ്റായി വ്യാഖ്യാനിച്ചു കൊണ്ട് നേരിട്ടുള്ള നിയമനം നിയമനരീതിയായി നിർദ്ദേശിച്ചിട്ടുള്ള തസ്തികകളിലേക്കുള്ള പ്രൊമോഷനും പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷമായിരിക്കും എന്ന നിലപാട് പല നിയമനാധികാരികളും എടുക്കുന്ന കാര്യവും, സ്പെഷ്യൽ റൂളിൽ/എക്സിക്യൂട്ടീവ് ഉത്തരവിൽ പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായവരുടെ അഭാവത്തിൽ സ്വീകരിക്കേണ്ട ബദൽ നിയമനരീതിയായി നേരിട്ടുള്ള നിയമനം നിർദ്ദേശിച്ചിട്ടുള്ള ഒരു തസ്തികയിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് സംശയം നിലനിൽക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. മേൽസാഹചര്യത്തിൽ, സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലേയും വിവിധ നിയമനങ്ങളിലെ പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) നേരിട്ടുള്ള നിയമനം/പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള ബൈട്രാൻസ്ഫർ നിയമനം/നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയായി പറഞ്ഞിട്ടുള്ള തസ്തികകളിലേക്കുള്ള വകുപ്പുതല/ പി. എസ്. സി. ഇതര ബൈട്രാൻസ്ഫർ നിയമനം എന്നീ നിയമന രീതികളിലൂടെ നിയമിതരാകുന്നവരുടെ (സ്റ്റേറ്റ് സർവ്വീസും, സബോർഡിനേറ്റ് സർവ്വീസും ഉൾപ്പെടെ) പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷ കാലയളവിനുള്ളിൽ രണ്ട് വർഷമായിരിക്കും.

(ii) നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയല്ലാത്ത സ്റ്റേറ്റ് സർവ്വീസിലെ സെലക്ഷൻ തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമിതരാകുന്നവരുടെ, പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ ആറ് മാസകാലയളവായിരിക്കും.

(iii) നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയല്ലാത്ത സബോർഡിനേറ്റ് സർവ്വീസിലെ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷകാലയളവായിരിക്കും.

(iv) ഒരു തസ്തികയ്ക്ക് ഒന്നിലധികം നിയമനരീതികൾ വ്യവസ്ഥ ചെയ്തിരിക്കുകയും, സ്പെഷ്യൽ റൂൾ/എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി ഒരു നിശ്ചിത റേഷ്യോ/ശതമാനം നിഷ്കർഷിച്ചിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മാത്രം നേരിട്ടുള്ള നിയമനം പ്രസ്തുത തസ്തികയിലേക്കുള്ള ഒരു നിയമനരീതിയായി കണക്കാക്കിയാൽ മതിയാവുന്നതാണ്. പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായവരുടെ അഭാവത്തിൽ സ്വീകരിക്കേണ്ട ബദൽ നിയമന രീതിയായി മാത്രം നേരിട്ടുള്ള നിയമനം നിർദ്ദേശിച്ചിരിക്കുന്ന ഒരു തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിന്റെ കാര്യത്തിൽ പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് മേൽ ഖണ്ഡികകൾ (ii), (iii) പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും.

(v) സ്പെഷ്യൽ റൂൾസ്/എക്സിക്യൂട്ടീവ് ഉത്തരവുപ്രകാരം നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയായി പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സ്റ്റേറ്റ് സർവ്വീസിലെ സെലക്ഷൻ തസ്തികയിലേക്ക് പ്രൊമോഷൻ മുഖേന നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ ആറുമാസവും സബോർഡിനേറ്റ് സർവ്വീസിലെ തസ്തികയിലേക്ക് പ്രൊമോഷൻ മുഖേന നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷവുമായിരിക്കും.

5. മുൻകാലങ്ങളിൽ മറ്റ് വിധത്തിൽ തീർപ്പാക്കപ്പെട്ട കേസുകൾ മേൽ പരാമർശിച്ച സ്പഷ്ടീകരണങ്ങളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധി ക്കേണ്ടതില്ല എന്നും വ്യക്തമാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ഗോപാലകൃഷ്ണ ഭട്ട്,
*സ്പെഷ്യൽ സെക്രട്ടറി.*

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.

എല്ലാ വകുപ്പുമേധാവികൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ (കേരളം), എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.

എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും.

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

---

Provided that where a probationer has been given a reasonable opportunity of showing cause against the imposition on him of any of the penalties specified in items (iv), (vii), (viii) and (ix) of Rule 11 of the Kerala Civil Services (Classification, Control and Appeal) Rules and at the conclusion of the disciplinary proceedings, a tentative conclusion is arrived at to terminate his probation, a further opportunity of showing cause specifically against termination of his probation need not be given to him.

***Explanation.-*** An opportunity to show cause may be given after the Appointing Authority arrives at a provisional conclusion on the suitability or otherwise of the probationer for full membership of the service, either by such authority himself or by a subordinate authority who is superior in rank to the probationer.

*(b) (i)* If within the period of probation a probationer fails to acquire the special qualifications or to pass the special tests, if any, prescribed in the Special Rules, or to acquire such other qualifications as may be declared by the State Government or by the Appointing Authority with the approval of the State Government to be equivalent to the said special qualifications or special tests, the Appointing Authority shall, by order, discharge him unless the period of probation is extended under rule 21.

*(ii)* If within the period of probation prescribed in the Special Rules, for the service or within the extended period of probation, as the case may be, the probationer has appeared for any such tests or for any examinations in connection with the acquisition of any such qualifications and the results of the tests or examinations for which he has so appeared are not known before the expiry of such period, he shall continue to be on probation until the publication of the results of the tests or examinations for which he has appeared or the first of them in which he fails to pass, as the case may be.

In case the probationer fails to pass any of the tests or examinations for which he has so appeared, the appointing authority shall by order discharge him.

Provided that where a probationer has appeared for any tests or examinations within the period of probation prescribed in connection with the acquisition of any such qualifications and the results of the tests or examinations for which he has appeared and passed are known only after the expiry of the prescribed period of probation, he shall be deemed to have satisfactorily completed his probation on the date on which he has completed the prescribed period of probation.

***Note.*** — *(1)* This amendment shall be deemed to have come into force with effect from 17 th December 1958.

*(2)* Cases already settled or disposed of prior to the issue of this amendment shall not be reopened.

***20. Probationer's suitability for full membership.***— (a) At the end of the prescribed or extended period of probation, as the case may be, the Appointing Authority shall consider the probationer's suitability for full membership of the service, class or category for which he was selected:

Provided that in case the probation was extended under rule 21, solely to enable the probationer to acquire the special qualifications or to pass the prescribed tests, the Appointing Authority shall consider the probationers suitability for full membership of the service, class or category as soon as the probationer has acquired the special qualifications or has passed the prescribed tests.

(b) If the Appointing Authority decides that a probationer is suitable for such membership, it shall as soon as possible issue an order declaring the probationer to have satisfactorily completed his probation. On the issue of such order, the probationer shall be deemed to have satisfactorily completed his probation on the date of the expiry of the prescribed or extended period of probation:

Provided that in cases to which the proviso to sub-rule (a) applies the probationer shall be deemed to have satisfactorily completed his probation on the day following the last date of the whole examination or test in which the probationer has acquired the special qualification or has passed the prescribed tests by passing one more subjects, if such date is earlier than the date of expiry of the extended period of probation.

***Note***.- Where a person can choose between two examinations or tests or corresponding subjects/papers of two examinations or tests and where the two examinations or tests conducted during the same period end on two different dates, the benefit of passing the examination or test shall be deemed to have accrued on the day following the last date of the whole examination or test which ends on the later date.

*(c)* If the Appointing Authority decides that the probationer is not suitable for such membership, it shall unless the period of probation is extended under Rule 21 by order discharge him after giving him a reasonable opportunity of showing cause against the action proposed to be taken in regard to him:

Provided that where a probationer has been given a reasonable opportunity of showing cause against the imposition on him of any of the penalties specified in items (iv), (vii), (viii) and (ix) of Rule 11 of the Kerala Civil Services (Classification, Control and Appeal) Rules and at the conclusion of the disciplinary proceedings, a tentative conclusion is arrived at to discharge him a further opportunity of showing cause specifically against such discharge need not be given to him.

***Explanation I***.– The decision of the Appointing Authority that the probationer is not suitable for full membership may be based also on his work and conduct till the date of the decision inclusive of the period subsequent to the prescribed or extended period of probation.

***Explanation II***.– An opportunity to show cause may be given after the appointing authority arrives at a provisional conclusion on the suitability or otherwise of the probationer for full membership of the service, either by such authority himself or by a subordinate authority who is superior in rank to the probationer.

***20 A. Delay in the order of probation***.- Any delay in the issue of an order discharging a probationer under clause (ii) of sub- rule (a) of rule 19, or clause (i) or (ii) of sub-rule (b) of that rule or sub-rule (c) of rule 20, shall not entitle him to be deemed to have satisfactorily completed his probation.

***21. Extension of probation***.— In the case of any probationer falling under sub-rule (b) of rule 19 or sub-rule (c) of rule 20, the Appointing Authority may extend his probation for a maximum period of one year to enable him to acquire special qualifications or pass the prescribed tests, as the case may be, or to enable the appointing authority to decide whether the probationer is suitable for full membership or not. Extension of probation beyond one year may, however, be ordered by Government if found necessary.